# O.S.S.A.E.
# വേദപഠന സർട്ടിഫിക്കേറ്റ് പരീക്ഷ 2017

Class X | Time 3 hrs | Marks 100

30-12-2017 Saturday, 10 a.m. to 1 p.m.

## Part A

**ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (1–10)** 10

1. ദൈവവുമായി മുഖാമുഖം സംസാരിച്ചിട്ടുള്ള വ്യക്തി.
   a. അബ്രഹാം, b. നോഹ, c. മോശ, d. യാക്കോബ്
2. കന്യകമറിയാമിനെ വിളിച്ച (ദൂതറിയിച്ച) മാലാഖ.
   a. മീഖായേൽ, b. ഗബ്രിയേൽ, c. സെറാഫിം, d. മീശായേൽ
3. മുളന്തുരുത്തി സുന്നഹദോസ് കൂടിയ വർഷം.
   a. 1808, b. 1836, c. 1815, d. 1876
4. ഹോമയാഗം, ഭോജനയാഗം, പാപയാഗം അകൃത്യയാഗം, സമാധാനയാഗം എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ ഉൾപ്പെടാത്ത സംഗതി എന്ത്?
   a. നിശ്ചിത ദിവസങ്ങളിലും സമയങ്ങളിലും മുടങ്ങാതെ അർപ്പിക്കണം, b. മൽക്കിസദേക്കിന്റെ ക്രമപ്രകാരം അർപ്പിക്കണം, c. ഇവയ്ക്കായി അഹറോന്യ പുരോഹിതന്മാരെ കരപൂരണം ചെയ്യണം, d. ലേവ്യരെ ശുശ്രൂഷക്കാരായി നിയമിക്കണം
5. യുഗാന്ത്യത്തിന്റെ പ്രാധാന്യം എന്ത്?
   a. കർത്താവിന്റെ സ്വർഗ്ഗാരോഹണം, b. കർത്താവിന്റെ മരണം, c. കർത്താവിന്റെ ഉയിർപ്പ്, d. കർത്താവിന്റെ രണ്ടാമത്തെ വരവ്
6. ജ്ഞാനവാദികളായ വേദവിപരീതികൾക്ക് എതിരായി എഴുതിയ ലേഖനം.
   a. യൂദായുടെ ലേഖനം, b. പത്രോസിന്റെ ഒന്നാം ലേഖനം, c. യാക്കോബിന്റെ ലേഖനം, d. യോഹന്നാന്റെ ലേഖനം
7. മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും ആദ്യമായി ഒരുമിച്ചു വഹിച്ച ബാവ
   a. പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ, b. പ. ബസേലിയോസ് പൗലോസ് പ്രഥമൻ, c. പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, d. പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ
8. യഹൂദ കലണ്ടറിലെ രണ്ടാമത്തെ പെരുന്നാൾ.
   a. പെന്തിക്കോസ്തി, b. പ്രതിഷ്ഠാ പെരുന്നാൾ, c. പെസഹ, d. കൂടാരപ്പെരുന്നാൾ
9. നവീകരണപ്രസ്ഥാനത്തിന് ആരംഭം കുറിച്ച വ്യക്തി.
   a. ഉൾറിച്ച് സ്വിംഗ്ളി, b. മാർട്ടിൻ ലൂഥർ, c. ജോൺ കാൽവിൻ, d. ഹെൻട്രി ഏഴാമൻ
10. സഭയുടെ പ്രതിരൂപങ്ങളിൽ ഉൾപ്പെടാത്തതെന്ത്?
   a. ദൈവരാജ്യത്തിന്റെ മന്ദിരം, b. ക്രിസ്തുവിന്റെ മണവാട്ടി, c. ക്രിസ്തുവിന്റെ തല, d. ക്രിസ്തുവിന്റെ ശരീരം.

**പേരെഴുതുക (11–15)** 5

11. ഓർത്തഡോക്സ് സഭയുടെ ആധാരമായ സുറിയാനി വേദപുസ്തകം.
12. 'മലങ്കര സഭയുടെ നവോത്ഥാന ശില്പി' എന്ന് വിശേഷിപ്പിച്ചിട്ടുള്ളത് ആരെ?
13. ക്രിസ്തുസഭ ആരംഭം മുതൽ ഉപയോഗിച്ചുവന്ന പഴയനിയമ കാനോൻ ഏതായിരുന്നു?

14. 'ഇത് ഒരു ഇന്ത്യൻ സഭയോ' എന്ന പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ്.
15. വേദപുസ്തക ചരിത്രത്തിൽ യെരുശലേമിൽ ഭരണം നടത്തിയ രണ്ടാമത്തെ സ്ത്രീ ഭരണാധികാരി.

**പൂരിപ്പിക്കുക (16–20)** 5

16. യേശു ..................................... ക്രമപ്രകാരമുള്ള മഹാപുരോഹിതനാണെന്ന് എബ്രായ ലേഖനത്തിൽ വിശേഷിപ്പിക്കുന്നു.
17. .................................... ഞായറാഴ്ച കഴിഞ്ഞുവരുന്ന സന്ധ്യയിലാണ് ഹാശാ ആഴ്ചയുടെ നമസ്കാരം ആരംഭിക്കുന്നത്.
18. അനന്തരം ദൈവം: നാം നമ്മുടെ ..................................... നമ്മുടെ സാദൃശ്യത്തിൻപ്രകാരം മനുഷ്യനെ ഉണ്ടാക്കുക.
19. ഓരോ സഭയിലും ഉണ്ടായ പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും ..................................... ആണ് പൗലോസിന്റെ കത്തുകൾ.
20. ..................................... നെയാണ് പുതിയനിയമത്തിൽ കൗൺസിലറായി ചിത്രീകരിച്ചിരിക്കുന്നത്.

**ചേരുംപടി ചേർക്കുക (21–25)** 5

| A | | B |
|---|---|---|
| 21. സങ്കീർത്തനം | – | വട്ടിപ്പണം |
| 22. തോറ | – | വെളിപ്പാട് |
| 23. മാർത്തോമ്മാ ഏഴാമൻ | – | പ്രകാശം |
| 24. പൂരീം | – | ആത്മീയഗീതം |
| 25. യോഹന്നാൻ | – | ഉല്പത്തി |

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക (26–30)** 5

26. വി. കുർബാനയിൽ രണ്ടാമത്തെ ആശീർവാദം ആരെ കേന്ദ്രമാക്കിയുള്ളതാണ്?
27. ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്ര എന്ത്?
28. എത്യോപ്യയിലെ ഹെയ്‌ലിസലാസി ചക്രവർത്തിയുടെ പേഴ്സണൽ ഉപദേഷ്ടാവായിരുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്താ ആരായിരുന്നു?
29. ദുഃഖശനിയാഴ്ചയ്ക്കുള്ള മറ്റു രണ്ടു പേരുകൾ ഏവ?
30. പോർട്ടുഗൽ, സ്പെയിൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് വാണിജ്യ ആവശ്യങ്ങൾക്കും മറ്റുമായി അന്യരാജ്യങ്ങളിൽ ചെന്നവർ ആ രാജ്യങ്ങളെ തങ്ങളുടെ അധീനതയിലാക്കിയതിനെ അറിയപ്പെടുന്നതെങ്ങനെ?

**ശരിയോ തെറ്റോ എന്നെഴുതുക (31–35)** 5

31. വി. പൗലോസിന്റെ 'ഇടയലേഖനങ്ങൾ' എന്നു വിശേഷിപ്പിക്കുന്നവ നാലുണ്ട്.
32. വി. ത്രിത്വം ആദ്യമായി വെളിപ്പെട്ടത് കർത്താവിന്റെ മാമോദീസായിലാണ്.
33. 'അമ്മാനുവേൽ ദേവേശൻ .........................' എന്ന ഗീതത്തിൽ ഈൽശാദായി എന്ന വാക്കിന്റെ അർത്ഥം സർവ്വശക്തനായ ദൈവം എന്നാണ്.
34. കാൽവറിയിലെ കുരിശുമരണം പുരോഹിതൻ എന്ന നിലയിൽ ക്രിസ്തു നടത്തിയ യാഗാർപ്പണമാണ്.
35. പെസഹാ വ്യാഴാഴ്ചയിലെ വി. കുർബാനയിൽ ധൂപക്കുറ്റി വാഴ്ത്താറില്ല.

**ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക (36–40)** 10

36. കളപ്പുരയിൽ അമിതമായി ധാന്യം കരുതി വയ്ക്കുന്ന ധനികനോട് കർത്താവ് പറയുന്നതായി വി. വേദപുസ്തകത്തിൽ കാണുന്ന വാക്യം?

37. യഹൂദാ ചരിത്രത്തിൽ പ്രതിഷ്ഠാ പെരുന്നാൾ എന്തിനെ അനുസ്മരിച്ചു നടത്തുന്നു?
38. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനമായി കണക്കാക്കുന്നത് എന്താണ്?
39. 'കരപൂരണം' എന്നാൽ എന്ത്?
40. ഖണ്ഡിപ്പിന്റെ ശുശ്രൂഷാസമയത്ത് നടക്കുന്ന മൂന്നു കാര്യങ്ങൾ ഏവ?

**വാക്കുകളുടെ അർത്ഥം എഴുതുക (41–45)** 5

41. കൗമ
42. മാനീസാ
43. കോലോ
44. പറൂസിയ
45. കാനോൻ

**ആശയത്തിലുള്ള വ്യത്യാസം എഴുതുക (46–50)** 10

46. സെക്കുലർ കൗൺസലിങ് - പാസ്റ്ററൽ കൗൺസലിങ്
47. ദൈവാലയ ആരാധന - സുന്നഗോഗ് ആരാധന
48. നവീകരണം - പ്രതിനവീകരണം
49. പ്രവചന കൃതികൾ - വെളിപാടുകൃതികൾ
50. പെഡ്രോവഡോ മിഷൻ - പ്രൊപ്പഗാൻഡാ മിഷൻ

**ഒരു പേജിൽ ഉത്തരം എഴുതുക (51)** 5

51. വി. പൗലോസ് ശ്ലീഹായുടെ ചിന്താധാരയിലെ നാലു ഘട്ടങ്ങൾ ഏവ? വിശദമാക്കുക.

## Part B (ഉപപാഠഭാഗം)

**രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (52–56)** 10

52. പരിശുദ്ധ പരുമല തിരുമേനി ഊർശ്ലേം യാത്ര കഴിഞ്ഞ് മടങ്ങിവന്ന് കൂടിവന്നവരോടു നടത്തിയ പ്രസംഗത്തിലെ ആശയമെന്ത്?
53. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് ബാവ മുടക്കു കല്പിക്കുവാനുണ്ടായ സാഹചര്യം എന്ത്?
54. ബാല്യത്തിൽത്തന്നെ പരിശുദ്ധ പരുമലതിരുമേനിയിൽ തെളിഞ്ഞുകണ്ട സ്വഭാവ വൈശിഷ്ട്യങ്ങൾ ഏവ?
55. 'മതോപദേശസാരങ്ങൾ' എന്ന ഗ്രന്ഥത്തിൽക്കൂടി പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി സഭയുടെ ഏതൊക്കെ അടിസ്ഥാന വിശ്വാസങ്ങളെക്കുറിച്ചാണ് ധാരണ നൽകുന്നത്?
56. പരിശുദ്ധ പരുമല തിരുമേനിയെ സഭ വിശുദ്ധനായി പ്രഖ്യാപിച്ചത് എന്ന്? അന്നത്തെ സുന്നഹദോസ് അദ്ധ്യക്ഷൻ ആരായിരുന്നു?

**ഒരു പേജിൽ ഉത്തരമെഴുതുക (57–58)** 10

57. പരിശുദ്ധ പരുമലതിരുമേനിയുടെ ആത്മീക-സാമൂഹിക തലങ്ങളിലുള്ള സംഭാവനകൾ.
58. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ വ്യക്തിത്വത്തിൽ മാതൃകയാക്കാൻ പറ്റിയ ഗുണവിശേഷങ്ങൾ അഥവാ സവിശേഷതകൾ എന്തൊക്കെ?

## Part C (പൊതുവായ ചോദ്യങ്ങൾ)

59. പെസഹാ വ്യാഴാഴ്ചയിലെ കൗമാ ഏത്? സാധാരണ കൗമായിലെ ഏതു ഭാഗത്തിനു പകരമാണ് ഹാശാ ആഴ്ചയിൽ പ്രത്യേക കൗമാകൾ ചൊല്ലുന്നത്? 5

**ഗീതം പൂർണമായി എഴുതിയിട്ട് ചുവടെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 5

60. 'വാഴ്‌വേറും നിർമ്മല കന്യക ..............................
............................................ സഭ കീർത്തിക്കുന്നു.'

a. ഈ ഗീതത്തിൽ ദൈവപുത്രൻ ആരുടെ ഇഷ്ടപ്രകാരം ജനിച്ചു എന്നു പറഞ്ഞിരിക്കുന്നു?

b. കന്യകമറിയാം എങ്ങനെയാണ് ദൈവപുത്രനെ ഉദരത്തിൽ വഹിച്ചത്?

**വേദഭാഗം വായിച്ച് ചുവടെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (61–65)** 5

ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലോസും സഹോദരനായ തീമോഥെയോസും ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ എന്ന നിനക്കും സഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിന്നും നിന്റെ വീട്ടിലെ സഭയ്ക്കും എഴുതുന്നതു: നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

61. ഈ ഭാഗം ഏതു ലേഖനത്തിൽനിന്നും എടുത്തിരിക്കുന്നു?
62. ഈ ലേഖനം എവിടെനിന്നും എഴുതി?
63. ലേഖനം എഴുതുമ്പോൾ കൂടെ ഉണ്ടായിരുന്നത് ആരായിരുന്നു?
64. ഇവിടെ സഭ എന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെന്ത്?
65. വി. പൗലോസിന്റെ ആശംസ എന്തായിരുന്നു?

☆